**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1887** **01.02.2018 ൽ മറുപടിക്ക്**

# സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക മുൻസർക്കാരിന്റെ കാലത്ത് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി യോഗ്യത ഉയർത്തി ഉത്തരവായിരുന്നോ; | (എ) | സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ടും വിദ്യാഭ്യാസ യോഗ്യത പുനർനിർണ്ണയിച്ചുകൊണ്ടും 03.02.2016-ലെ ജി.ഒ (പി) നം. 8/2016/പൊഭവ സർക്കാർ ഉത്തരവ് 2016 ഫെബ്രുവരി 4 ലെ SRO 107/16 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | പരിഷ്കരിച്ച യോഗ്യതയ്ക്ക് അനുസൃതമായി, പ്രസ്തുത വിഭാഗത്തിന്റെ ശമ്പള സ്കെയിൽ പുനർനിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | പുനർ നിർണ്ണയിച്ചിട്ടില്ല. |
| (സി) | സെക്രട്ടേറിയറ്റിലേക്ക് മാത്രമായി ഓഫീസ് അറ്റൻഡന്റുമാരെ നിയമിക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിന്റെ | (സി) | ഇക്കാര്യം പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇവർക്കായി നിശ്ചയിച്ചിട്ടുള്ള പുതുക്കിയ ശമ്പളസ്കെയിൽ ഏതാണെന്നും വെളിപ്പെടുത്തുമോ? | | |

Sajan

**സെക്ഷൻ ആഫീസർ**